THE CHURCH WEEKLY

ചർച്ചുവീക്കിലി   ഒററപ്രതി 13 നഃ പൈസ

വാല്യം XI	1957 ജൂൺ 30	ലക്കം 24

ശാസ്ത്രത്തിന്റെ പരിമിതികൾ

(റവ. പോൾ വറുഗീസ് ബി. ഏ. ബി. ഡി.)

III

ശാസ്ത്രത്തിന്റെ സ്വഭാവം

ശാസ്ത്രത്തിന്റെ പ്രധാന ലക്ഷ്യം സാഹചര്യങ്ങളെയും ദൃശ്യതകളേയും മനസ്സിലാക്കുക, ഈ "മനസ്സിലാക്കൽ" ഉപയോഗിച്ച് അവയെ നിയന്ത്രിക്കുക, ഇതു രണ്ടുമാണ്. ഇവയ്ക്കു യഥാക്രമം ശുദ്ധശാസ്ത്രം (Pure science) പ്രാവർത്തിക ശാസ്ത്രം (applied science) എന്ന് നാമകരണം ചെയ്യാം.

ശുദ്ധശാസ്ത്രത്തിന്റെ പ്രധാനമാർഗ്ഗം (classification) തരംതിരിക്കൽ എന്നുള്ളതാണ്. മനസ്സിലാക്കണമെങ്കിൽ എല്ലാററിനേയും പ്രത്യേക വിഭാഗങ്ങളായി തരം തിരിക്കണം. ഓരോന്നിനേയും വ്യക്തിപരമായി മനസ്സിലാക്കുവാനുള്ള കഴിവ് മനുഷ്യനില്ല. നമ്മുടെ ഭാഷതന്നെ തരം തിരിക്കലിനു വേണ്ടിയുള്ളതാണ്. മരം എന്നോ മാവ് എന്നോ ഉള്ള വാക്കുകളെ നാം സൃഷ്ടിക്കുമ്പോൾ പല പ്രത്യേക ദൃശ്യതകളെ അവയുടെ സാമാന്യ സ്വഭാവത്തെ ആസ്പദിച്ചുള്ള ഓരോ വിഭാഗങ്ങളായി തരം തിരിക്കുക മാത്രമാണ് നാം ചെയ്യുന്നത്. "മരം" എന്നുള്ള തരത്തിൽപ്പെട്ടതാണ് ഒരു വസ്തുവെങ്കിൽ ആ വിഭാഗത്തിലുള്ള വസ്തുക്കൾക്ക് സാധാരണയായി കാണാറുള്ള ഗുണങ്ങളൊക്കെ അതിനു കാണുമെന്ന് നമുക്കറിയാം. അതുകൊണ്ട് അതുമായുള്ള നമ്മുടെ പെരുമാററത്തെ അഥവാ ബന്ധത്തെ നമുക്കാവശ്യമായവിധത്തിൽ നിയന്ത്രിക്കുവാൻ സാക്കുന്നു. അതും മററുള്ള വസ്തുക്കളുമായുള്ള ബന്ധത്തെയും നമുക്ക് അറിയുവാനും ആ അറിവിനെ മനസ്സിൽ സംഭരിക്കുവാനും ആ അറിവുപയോഗിച്ച് മരമുൾപ്പെടെയുള്ള നമ്മുടെ സാഹചര്യങ്ങളെ നമ്മുടെ ആവശ്യങ്ങൾക്കു ഉപയോഗിക്കുവാനും ഈ തരം തിരിക്കൽകൊണ്ടാണ് നമുക്ക് സാദ്ധ്യമായിത്തീരുന്നത്.

ഭാഷയും ശാസ്ത്രവും തമ്മിൽ ഇക്കാര്യത്തിലുള്ള ബന്ധം നാം ഉദ്ദേശിക്കുന്നതിലും അടുത്തതാണ്. ആദ്യശാസ്ത്രജ്ഞനായ അരിസ്റ്റോട്ടിൽ പ്രധാനമായി ചെയ്തത് എല്ലാ വസ്തുക്കളേയും ജീവികളേയും തരം തിരിച്ച് അവയ്ക്ക് പേരുകൊടുത്തു എന്നുള്ളതാണ്. പിന്നീട് ഓരോ തരത്തിലുമുള്ള വസ്തുക്കളുടേയും ജീവികളുടേയും സാമാന്യ ഗുണങ്ങളെ അവധാനപൂർവ്വം പഠിക്കയും ചെയ്തു.

നമുക്ക് ദൃശ്യതകളെമനസ്സിലാക്കുവാൻസാധിക്കുന്നത് അവയെ ഭരിക്കുന്നസാമാന്യ നിയമങ്ങളെ ആവിഷ്കരിക്കുന്നതുകൊണ്ടാണ്. അതായത് പ്രകൃതി നിയമാനുസാരിയാണ് സ്വതന്ത്രയല്ല എന്നുള്ളതാണ് ശാസ്ത്രത്തിന്റെ മൌലികമായ അടിസ്ഥാനം. നിയമമനുസരിക്കുന്നില്ലായെന്ന് നമുക്ക് തോന്നുന്നുണ്ടെങ്കിൽ അതിന് കാരണം നിയമങ്ങളെ മുഴുവനായി നാം മനസ്സിലാക്കിയിട്ടില്ല അല്ലെങ്കിൽ തെററിദ്ധരിച്ചിരിക്കുന്നു എന്നുമാത്രമാണ്. അല്ലാതെ പ്രകൃതി "താന്തോന്നിത്വം" കാണിക്കുന്നു എന്ന് അതിന് അർത്ഥമില്ല.

ഒരുദാഹരണം പറയാം.

ഏതെങ്കിലും ഒരു ധാതുവിന്റെ അണുക്കളുടെ ഘനം ശരാശരിതോതിൽ എല്ലായ്പോഴും സമമായിരിക്കുമെന്നുള്ളത് സുസമ്മതമായ ഒരു ശാസ്ത്രതത്വമായിരുന്നു. എന്നാൽ റേയ്ലിപ്രഭുവും (Lord Rayleigh) സർവില്യം റാംസേയും കൂടി നടത്തിയ കുറെ നിരീക്ഷണങ്ങളുടെഫലമായി ഈ നിയമത്തിന് ഒരു വ്യത്യാസം കണ്ടു പിടിക്കപ്പെട്ടു. നൈട്രജൻ ഉണ്ടാക്കുന്നതിന് ശരാണ്ടു നല്ല മാർഗ്ഗങ്ങളുണ്ട്. ഒരു വിധത്തിൽ ഉല്പാദിപ്പിക്കുന്ന നൈട്രജന്റെ അണുക്കൾക്ക് മറേറ വിധത്തിൽ ഉല്പാദിതമാകുന്ന നൈട്രജൻ അണുക്കളേക്കാൾ ശരാശരി ഘനക്കൂടുതലായിട്ടാണ് കണ്ടത്.

ഇങ്ങിനെ കാണുമ്പോൾ എന്താണ് ചെയ്യേണ്ടത്? ഒന്നുകിൽ ശാസ്ത്രനിയമത്തിൽ എന്തെങ്കിലും തെററുണ്ട്. പക്ഷേ മറെറല്ലാ ധാതുക്കളുടെ കാര്യത്തിലും ആ നിയമം പ്രവർത്തിക്കുന്നതായി കാണുകയും ചെയ്യുന്നു. അല്ലെങ്കിൽ നമുക്കറിഞ്ഞുകൂടാത്ത മറെറാരു നിയമം കൂടിയുണ്ട്. ആ നിയമത്തിന്റെ ഫലമാണ് ഈ വ്യത്യാസം.

അവസാനമെന്തായിരുന്നു? ആദ്യത്തെ കണ്ടുപിടിത്തം നൈററ്റജന്റെ കൂടെ ആർഗൺ എന്ന ഒരു ധാതുകൂടെ കലർന്നാണ് ലഭിച്ചിരുന്നതെന്നായിരുന്നു, അതുകൊണ്ടായില്ല. പിന്നീടുള്ള ഗവേഷണങ്ങളുടെ ഫലമായി വിവിധ ധാതുക്കളുടെ അണുഘനം സമമായിരിക്കണമെന്ന നിയമം തന്നെ തെ

രണ്ടു സ്നേഹിതന്മാർ—തുടർക്കഥ.

അദ്ധ്യായം 20

കർമ്മ മാർഗ്ഗം

എം. കുര്യൻ

അങ്കീറായ്ക്കു വടക്കുമാറി, ഗലാത്യപ്രവിശ്യയിലായി, ബിഥിനിയയുടെയും പാഫ്ളഗോണിയയുടെയും തെക്കെ അതിരുകൾ ഹാലിസ് നദിയുടെ മറുകരയിലായി ഉയർന്നു നിൽക്കുന്ന പർവ്വതപംക്തികളാണു്. മൂന്നു പ്രവിശ്യകളും കൂടിച്ചേരുന്ന സന്ധിയിലുള്ള ഒരു ചുരങ്കം ഫലഭൂയിഷ്ഠവും സസ്യശ്യാമളവുമായ ബിഥിനിയാ സമതലത്തിലേക്കും പാഫ്ളഗോണിയാ സമതലത്തിലേക്കും പ്രവേശം നൽകുന്നുണ്ടു്. പർവ്വതപംക്തിക്കു് അപ്പുറത്തായി മത്സരികളായ പാഫ്ളഗോണിയക്കാരുടെ പട്ടാളം താവളമടിച്ചു. ചുരങ്കത്തിനു സ്വല്പം തെക്കുമാറി ഒരു പരന്ന പീഠഭൂമിയിൽ സേർജിയസ് പൗലൂസ് തൻെറ സൈന്യങ്ങളെ ശേഖരിച്ചു, സമരത്തിനു തയാറായി.

പർവതസാനുക്കളിൽ നിന്നടിക്കുന്ന ശീതവാതം രാത്രി കാലങ്ങളിൽ ഊഷ്മാവു പെട്ടെന്നു കുറയാൻ കാരണമാക്കി. അതിൻെറ ഫലമായി പട്ടാളക്കാർക്കിടയിൽ പനിയും ചുമയും പടന്നു പിടിച്ചു. ലൂക്കോസ് രോഗചികിത്സയിൽ മുഴുകി ദിനരാത്രങ്ങൾ കഴിച്ചിരുന്നു. പകൽ വിശ്രമിക്കാൻ ഒട്ടും തന്നെ സമയം ലഭിച്ചിരുന്നില്ല. സിൽവാനസിനെയോ അപ്പൊല്ലോണിയസിനെയോ ദുർല്ലഭമായി മാത്രമേ, മാർച്ചു ചെയ്യുന്നതിനിടയ്ക്കു കാണാൻ പററിയുള്ളു. പീഠഭൂമിയിൽ എത്തിയശേഷം ഏതാനും ദിവസം കഴിഞ്ഞു് ഒരു സായാഹ്നത്തിൽ സിൽവാനസ് സൈനികാസ്പത്രിയിൽ പ്രത്യക്ഷനായതു കണ്ടു് ഡോക്ടർ സന്തോഷിച്ചു. "സിൽവാനസേ! നിങ്ങളെപ്പോലുള്ളവർ ജലദോഷവുമായി പരാതിപ്പെടാൻ വരുകയാവില്ലല്ലോ!"

ശതാധിപൻ തലകുലുക്കി. അദ്ദേഹത്തിൻെറ കക്ഷത്തിൽ ഒരു കമ്പിളിപ്പുതപ്പു മടക്കിത്തിരുകിയിരുന്നു. കട്ടികൂടിയ ഉടുപ്പാണു ധരിച്ചിട്ടുള്ളതു്. "ലൂക്കോസേ! ഒരു സ്ഥലം വരെ പോകാനുണ്ടു്. ആസ്പത്രി അടയ്ക്കാറായില്ലേ?"

"ഉവ്വ്. അടയ്ക്കാൻ തുടങ്ങുകയായിരുന്നു."

"കട്ടിയുള്ള ഉടുപ്പെടുത്തു ധരിക്കൂ. ഒരു കമ്പളിയും കരുതിക്കോളൂ. നമ്മൾ വെളിംപ്രദേശത്തു കിടന്നായിരിക്കും ഉറങ്ങുക. രാവിലെ മാത്രമേ മടങ്ങിവരുകയുള്ളു."

"എന്തു്? നമ്മുടെ ശത്രുക്കളുടെ നീക്കങ്ങൾ സംബന്ധിച്ചു് ചാരവൃത്തി നടത്താൻ ഉദ്യമിക്കുകയാണോ?"

"അല്ല—യാദൃച്ഛികമായി വല്ലതും സംഭവിക്കുന്നെങ്കിൽ നിവൃത്തിയില്ല. എനിക്കു് മററു ചില ഉദ്ദേശമാണുള്ളതു്."

ലൂക്കോസ് വസ്ത്രം മാറി, ഒരു കമ്പിളി തെരഞ്ഞു കൈയിലെടുത്തു. വളരെ ഇടുങ്ങിയ ചുരങ്കത്തിലേക്കു നയിക്കുന്ന കാട്ടുപാതയിലൂടെ സിൽവാനസ് നടന്നു നീങ്ങി. ക്യാമ്പിൻെറ ബാഹ്യവൃത്തത്തിൽ വച്ചു് കാവൽക്കാരൻ അവരെ തടഞ്ഞു. എന്നാൽ വരുത്തുപോക്കിനുള്ള നിഗൂഢവാക്യം ശതാധിപൻ ഉച്ചരിച്ചതോടെ അവർക്കു വെളിയിൽ പോകാൻ അനുമതി നൽകി. ഉദ്ദേശം മൂന്നു ഫർലോങ്ങു നടന്നപ്പോൾ, പാതതാഴോട്ടു് ഇറക്കമായി. സിൽവാനസ് അവിടെ വച്ചു, പാതവിട്ട്

റാണെന്നു് കണ്ടുപിടിക്കപ്പെട്ടു. ചില ധാതുക്കൾക്കു് electronകളുടെ സംഖ്യയിൽ ഒന്നോ രണ്ടോ വ്യത്യാസമുള്ള വിവിധ രൂപ(isotopes)ങ്ങളുണ്ടാകാമെന്നും ഈ രൂപങ്ങളുടെ അണുഘനം മാത്രമേ നിരന്തരം സമമായിരിക്കയുള്ളവെന്നും ആണു് ഇന്നത്തെ സിദ്ധാന്തം.

ഇതാണു് ശാസ്ത്രത്തിൻെ സ്വഭാവം. ഓരോ അധിഷ്ഠാനതത്വങ്ങളെ സൃഷ്ടിക്കുക; ആ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ദൃശ്യതകളെ മനസ്സിലാക്കാൻ ശ്രമിക്കുക; അങ്ങിനെ ചെയ്യുവാൻ സാധിക്കാതെ വരുമ്പോൾ അധിഷ്ഠാനതത്വങ്ങളെ വേണ്ടുംവിധം രൂപാന്തരപ്പെടുത്തുക; ഈ മാർഗ്ഗത്തിൽ കൂടെയാണു് മനുഷ്യബുദ്ധി പ്രകൃതിയെ കീഴ്പ്പെടുത്തിക്കൊണ്ടുവരുന്നതു്.

എന്നാൽ നമ്മുടെ അനുഭവത്തിലുള്ള അനേകം ദൃശ്യതകളെ ധരിക്കുന്നതിനു് നമുക്കു് ഇപ്രകാരമുള്ള നിയമങ്ങളുണ്ടായിക്കഴിഞ്ഞിട്ടില്ലെന്നുള്ളതു് സുവിദിതമാണു്. അനന്തമായ മഹാംബോധിയുടെ തീരത്തു് കളിക്കുമ്പോൾ കൌതുകം തോന്നുന്ന ഒരു കക്കയോ കല്ലോ കയ്യിലെടുത്തു പരിശോധിക്കുന്ന ഒരു ചെറു ബാലനെപ്പോലെയാണു് ശാസ്ത്രജ്ഞൻ എന്നു ന്യൂട്ടൺ പറഞ്ഞതും ഇതുകൊണ്ടായിരിക്കണം.

* * *

ഇത്രയും പറഞ്ഞതിൽ നിന്നും ചില കാര്യങ്ങൾ പ്രത്യേകം വ്യക്തമായിക്കാണേണ്ടുന്നതു് ആവശ്യമാണു്.

ശാസ്ത്രീയജ്ഞാനം പരിപൂർണ്ണമായ ജ്ഞാനമാണെന്നോ അതിനെല്ലാമറിയാമെന്നോ നടിക്കുന്നതു് ശാസ്ത്രീയമനസ്ഥിതിയുടെ ലക്ഷണമേയല്ല. അങ്ങിനെ നമ്മുടെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ചിന്തിക്കുന്നതു് സാധാരണയായി അജ്ഞതകൊണ്ടും അലസതകൊണ്ടുമാണു്. അവനവൻെറ അറിവിൻെറ പരിമിതിയെ മനസ്സിലാക്കുക എന്നുള്ളതാണു് കൂടുതൽ അറിയുന്നതിനു് എത്രയും അത്യാവശ്യമായിട്ടുള്ള പ്രഥമവ്യവസ്ഥ. ശാസ്ത്രത്തിൽ ദൈവത്തെ കാണുന്നില്ലാത്തതുകൊണ്ടു് ദൈവമില്ലാ എന്നു ശഠിക്കുന്നതു്, എൻെറ അമ്മയ്ക്കു് എന്നോടുള്ള സ്നേഹത്തെ ശാസ്ത്രത്തിൽക്കാണുന്നില്ല എന്നു പറഞ്ഞുകൊണ്ടു് അമ്മയുടെ സ്നേഹത്തെ നിഷേധിക്കുന്നതുപോലെയാണു്. ശാസ്ത്രം ഇന്നു് അവകാശപ്പെടുന്ന ജ്ഞാനം പൂർണ്ണം അല്ല എന്നും ആപേക്ഷികമാണെന്നും നാം വിസ്മരിക്കരുതു്. ഇപ്പോൾ നാം അറിയാത്തതോ അസാദ്ധ്യമെന്നു കരുതുന്നതോ ആയ കാര്യങ്ങൾ കൂടുതൽ പൂർണ്ണമായ അറിവു ലഭിക്കുമ്പോൾ നമുക്കു സ്വീകരിക്കേണ്ടതായി വരാം. ശാസ്ത്രത്തിൻെറ പരിമിതികളെ മനസ്സിലാക്കുന്ന ആളിനു് ശാസ്ത്രത്തിൻെറ പരിധിക്കപ്പുറമായ യാഥാർത്ഥ്യങ്ങൾ ഉണ്ടെന്നു സമ്മതിക്കാതെ തരമില്ല. അങ്ങനെയുള്ള യാഥാർത്ഥ്യങ്ങളെ ഗ്രഹിക്കുവാനുള്ള മാർഗ്ഗങ്ങളും നിരീക്ഷണത്തോതും ശാസ്ത്രത്തിൻേറതിൽ നിന്നു വിഭിന്നമാണു്. അക്കാരണത്താൽ മാത്രം അവ അപ്രായോഗികമാണെന്നോ അസ്വീകാര്യമാണെന്നോ അർത്ഥമില്ല.

ഒരു ചെറിയ താഴ്വരയിലേക്കു് ഇറങ്ങി നടന്നു. യുവാവു് പിന്തുടന്നു. താഴ്വരയുടെ ഒരു വശം പൂർണ്ണമായി അന്ധതമസ്സിൽ മൂടിക്കിടക്കുകയാണു്.

"സിൽവാനസേ! ഇവിടെ എന്താണു കാണാനുള്ളതു്?" ലൂക്കോസിനു് ഒന്നും തന്നെ മനസ്സിലായില്ല,

"ആദ്യമേ ഉറങ്ങുക. പ്രഭാതത്തിൽ ഞാൻ വിളിച്ചുണർത്താം."

തണുപ്പും വീണുതുടങ്ങിയിരുന്നു. കമ്പിളി വിടുത്തി പുതച്ചു്, ഡോക്ടർ പരന്ന ഭൂമിയിലൊരിടത്തു കിടപ്പുപിടിച്ചു. വിശ്രമരഹിതമായ അദ്ധ്വാനത്താൽ ക്ലാന്തനായ യുവാവു് ക്ഷണേന നിദ്രാധീനനായി. യാതൊരു ഒച്ചപ്പാടും ആ താഴ്വരയിലെ സ്വച്ഛനിശ്ശബ്ദതയെ ഭഞ്ജിച്ചിരുന്നില്ല. റോമാസൈന്യം പുറകിൽ താവളമടിച്ചിട്ടുണ്ടെന്നോ കുറേമുമ്പിലായി ബർബരസൈന്യം തയാറെടുത്തു നിലകൊള്ളുന്നുണ്ടെന്നോ ആർക്കും സംശയംപോലും തോന്നുകില്ല.

സിൽവാനസ് കുലുക്കി വിളിച്ചതോടെ യുവാവ് എഴുന്നേററു കണ്ണു തിരുമ്മി. താൻ എവിടെയാണെന്നു കുറേനേരത്തേക്കു് യാതൊരു ബോധവുമുണ്ടായില്ല. പ്രകാശം പതുക്കെ അരിച്ചരിച്ചു വരുന്നതേയുള്ളു. സൂര്യോദയം കാത്തിരിക്കവേ, ഇരുവരും, സിൽവാനസ് കരുതിയിരുന്ന റൊട്ടിയും വെണ്ണയും കടിച്ചു ചവയ്ക്കാൻ തുടങ്ങി.

അരുണോദയത്തോടുകൂടി ചുററുപാടുകൾ ദൃഷ്ടിയിൽപെട്ടു. ഒരുവശത്തു് താഴ്വര പെട്ടെന്നു് കിഴക്കാംതൂക്കായ പാറക്കെട്ടുകളിൽ ചെന്നു അവസാനിക്കുകയാണു്. ക്രമേണ ക്രമേണയായി മുമ്പിലുള്ള താഴ്വരയുടെ യഥാർത്ഥ സ്വഭാവം അവർ വ്യക്തമായി കണ്ടു. പച്ചപ്പട്ടു പുതച്ച ശാദ്വലങ്ങൾക്കു കുറുകെ കൂടി ഒരു ചെറിയ പുഴ വടക്കോട്ടു ഒഴുകി പടിഞ്ഞാറോട്ടു തിരിഞ്ഞു് മന്ദഗമനം ചെയ്യുന്നു. കന്നുകാലിയുടെ മുക്കറയും നദീതീരത്തേക്കു നയിക്കപ്പെടുന്ന കുതിരകളുടെ ശബ്ദവും, താഴെയുള്ള കർഷകഭവനങ്ങളിൽ നിന്നുള്ള മനുഷ്യശബ്ദവും വിദൂരതയിൽ നിന്നെന്നോണം അവ്യക്തമായി അവരുടെ ചെവിയിൽ വന്നു തറച്ചു. പടിഞ്ഞാറുഭാഗത്തു് മറെറാരു ഊക്കൻ പർവതം തലയെടുത്തു നിലകൊള്ളുന്നുണ്ടു്. അതിൻെറ ശിരസ്സ് ഇനിയും മഞ്ഞിൽ മൂടിക്കിടക്കുന്നതേയുള്ളു. കൊച്ചു കൊച്ചു കൃഷിസ്ഥലങ്ങളും, കർഷകഭവനങ്ങളും വയലുകളും പഴത്തോട്ടങ്ങളും ശാദ്വലങ്ങളും ചിതറിക്കിടക്കുന്ന, ശാന്തിയുടെ ഒരു കേദാരമാണു് ആ പ്രദേശം. വയലുകളുടെ ഹരിതാഭയും പുരപ്പുറങ്ങളുടെ തവിട്ടുവർണ്ണത്തിനും ഇടക്കു് ശബളത കലർന്ന പുഷ്പങ്ങളുടെ മനോഹാരിത ഏതോ ദിവ്യ കലാകാരൻെറ തൂലികയുടെ വിന്യാസം പോലെ തോന്നി.

തിളങ്ങുന്ന നയനങ്ങളോടെ ലൂക്കോസ് സിൽവാനസിൻെറ നേർക്കു തിരിഞ്ഞു "ഞാൻ കണ്ടിട്ടുള്ളതിലേക്കുംസുന്ദരമായ പ്രദേശമാണിവിടം. ഇതു തന്നെ ആയിരിക്കണം ബിഥീനിയാ."

ശതാധിപൻ പുഞ്ചിരികൊണ്ടു:"അതേ. ഇതുതന്നെ ബിഥീനിയാ. ആ കാണുന്ന സമതല ഭൂമി വടക്കോട്ടു നീണ്ടു്, കരിങ്കടൽക്കരയോളം വ്യാപിച്ചു കിടക്കുന്നു. പാഫ്ളഗോണിയായുടെ കിടപ്പു് കിഴക്കോട്ടു മാറിയാണു്. അങ്ങകലെ പടിഞ്ഞാറോട്ടു മാറി, പർവ്വതപംക്തിക്കപ്പുറം ബിഥീനിയാ നീണ്ടുപരന്നു കിടക്കുന്നുണ്ടു്. മലകളും താഴ്വരകളും, താഴ്വരകളും മലകളും, ഇടതൂർന്നു ശയിക്കുന്നു. ആ താഴ്വരകളിലെ കാലാവസ്ഥ സുഖശീതളമാണു്. ഈ പ്രദേശം നിന്നെ വിളിച്ചു കാണിക്കണമെന്നുമാത്രമായിരുന്നു എൻെറ ഉദ്ദേശം."

"സ്നേഹിതാ! നിങ്ങൾ പോകുമ്പോൾ എന്നെക്കൂടെ കൊണ്ടുപോകണേ!" ലൂക്കോസ് വീണ്ടും അഭ്യർത്ഥിച്ചു.

എന്നാൽ ശതാധിപൻ തലകുലുക്കിയതേയുള്ളു. "ലൂക്കോസേ! നീയും താമസിയാതെ, കാലത്തിൻെറ പൂർണ്ണതയിൽ, ബിഥീനിയ സന്ദർശിക്കുന്നതാണു്. സംശയിക്കേണ്ടാ. എന്നാൽ "അതു സംഭവിക്കുന്നതു്", നീ നിൻെറ കർത്തവ്യകർമ്മം അനുഷ്ഠിച്ചു കഴിഞ്ഞ ശേഷം മാത്രമായിരിക്കും. ശാന്തിയും സൗഖ്യവും അനുഭവിക്കുന്നതിനു് അതു പൂർത്തിയാക്കിയേ മതിയാവൂ."

സിൽവാനസ് തൻെറ ഉടുപ്പും തട്ടിക്കുടഞ്ഞു ശരിപ്പെടുത്തി, "വരൂ നമുക്കു പോകാം. നാം പട്ടാളങ്ങളുടെ അടുക്കലേക്കു മടങ്ങാൻ നേരമായി. ഇപ്പോൾ നമ്മുടെ സ്ഥാനം അവരുടെകൂടെയാണു്. സമരം ആരംഭിക്കാറായി."

ട്രാവൻകൂർ ഫോർവ്വേഡ് ബാങ്ക് (ക്ളിപ്തം)

ഹെഡ് ആഫീസ്: കോട്ടയം

അധികൃതമൂലധനം	രൂ 50,00.000
വാഗ്ദത്തമൂലധനം	രൂ 25,00 000
നിക്ഷിപ്തമൂലധനം	രൂ 150.000
കരുതൽധനം	രൂ 7,88,000
പ്രവർത്തനമൂലധനം	രൂ 4,91,12000

[31-12-56]

ശരിയായ ഈടിന്മേൽ കുറഞ്ഞ കാലത്തേക്കു വായ്പ ആവശ്യമുള്ളവർ ഞങ്ങളുടെ 47 ശാഖകളിൽ ഏതിനെയെങ്കിലും സമീപിക്കുക. ബാങ്കിംഗ് സംബന്ധമായ എല്ലാപ്രവർത്തനങ്ങളും നടത്തിവരുന്നു

Look forward and bank
With Forward Bank.

എം. സി. മാത്യു
മാനേജിംഗ് ഡയറക്ടർ

കൊള്ളക്കാരെ നല്ലവരാക്കാൻ സ്വയം കൊള്ളക്കാരനായി

നേപ്പിൾസിലെ തെരുവുകളിൽതെണ്ടിത്തിരിഞ്ഞു കൊള്ളയടിക്കുകയും പോക്കററടിക്കുകയും ചെയ്തിരുന്ന ഒരുകൂട്ടം തെണ്ടിപ്പരിഷകളെ ഉദ്ധരിക്കാനായി സ്വയം തെണ്ടിയായി മാറിയ ഒരു പാതിരിയുടെ ധീരകഥ

ആശ

നേപ്പിൾസിലെ ആർച്ച്ബിഷപ്പായ കർദ്ദിനാൾ അസ്സാലസി നടുങ്ങിപ്പോയി. അദ്ദേഹം യുവാവായ പാതിരിയെ തുറിച്ചുനോക്കി.

“നിങ്ങൾ ഒരു തെരുവു തെണ്ടിയായും പോക്കററടിക്കാരനായും കള്ളനായും വേഷപ്രച്ഛന്നനായി അലഞ്ഞുതിരിയാൻ തീരുമാനിച്ചുകഴിഞ്ഞോ? നാളിതുവരെ കേൾക്കാത്ത ഒരു സംഭവമാണിതു്. അസാദ്ധ്യം. തെണ്ടികളും തെമ്മാടികളും നിങ്ങളെ എളുപ്പത്തിൽ തിരിച്ചറിയും.”

ചെറിയ ആകാരവും പ്രകാശമുള്ള കണ്ണുകളോടും കൂടിയ പാതിരി ബോറെല്ലി സവിനയം പറഞ്ഞു:

“നികൃഷ്ടരായ ഈ മനുഷ്യരെ രക്ഷിക്കാൻ നമുക്കു് ഈ ഒരു പോംവഴിയെ ഉള്ളു. ഞാനവരുടെ ഭാഷ പഠിച്ചുകഴിഞ്ഞു. അവരെപ്പോലെ വേഷം കെട്ടാനും.”

ദക്ഷിണ ഇററലിയിലെ ഏററവും പുരാതനമായ നഗരമാണു് നേപ്പിൾസ്. പല നൂററാണ്ടുകളായി ഈ നഗരം ഭീകരന്മാരായ തെമ്മാടികളുടേയും മോഷ്ടാക്കളുടെയും അധിവാസകേന്ദ്രമായിരുന്നു.

അനാഥകളും സമുദായഭ്രഷ്ടരുമാണു് ഈ സംഘത്തിലധികവും. ആറു വയസ്സിന്നു താഴെയുള്ള ചെറുകുട്ടികൾപോലും ഇവരിലുണ്ടു്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇത്തരക്കാരുടെ സംഖ്യ വല്ലാതെ വർദ്ധിച്ചിട്ടുണ്ടു്. ലോകമഹായുദ്ധം സൃഷ്ടിച്ച് അച്ഛനില്ലാത്തവരാണധികവും. ഇപ്പോൾ മുവായിരത്തിലധികമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അട്ടിമറിക്കാർക്കും, കരിഞ്ചന്തക്കച്ചവടക്കാർക്കും, വേശ്യകൾക്കും സമർത്ഥമായ വിധം സഹായങ്ങൾ നൽകുകയാണു് ഇവരുടെ മുഖ്യ തൊഴിൽ. പട്ടാളക്കാരേയും സഞ്ചാരികളേയും കൊള്ള ചെയ്യുന്നതും ഇവരുടെ പരിപാടികളിൽപെടുന്നു.

സാധാരണ ഗതിയിൽ ഇക്കൂട്ടരെ സമീപിക്കുക അസാദ്ധ്യമാണു്” യുവാവായ പാതിരി പറഞ്ഞു:

“ഞാനതെല്ലാം ശ്രമിച്ചുനോക്കിയതാണു്. അവരിലൊരാളായി തീരുകയാണെങ്കിൽ നമുക്കെന്തെങ്കിലും സൃഷ്ടിപരമായ പരിഹാരം കണ്ടെത്താൻ കഴിഞ്ഞേക്കാം.”

ബോറെല്ലിയുടെ അഭിപ്രായം കേട്ടപ്പോൾ കർദ്ദിനാളിന്റെ മുഖം വികസിച്ചു. 1945-ൽ പാതിരിയായി വന്നപ്പോൾതന്നെ, നേപ്പിൾസിലെ യുവാക്കളെ സംസ്കരിക്കാനുള്ള ബോറെല്ലിയുടെ ആഗ്രഹം അദ്ദേഹം മനസ്സിലാക്കിയിരുന്നു.

ഇരുപത്തഞ്ചുകാരനായ ഈ യുവാവു പാതിരിയായതിന്നുശേഷം ആദ്യമായി ചെയ്തതു്, കമ്യൂണിസ്റ്റുകൾ നിറഞ്ഞ തൊഴിൽശാലകളിൽ ചെന്നു ഉപദേശങ്ങളും പ്രസംഗങ്ങളും ചെയ്തു് അവരിൽ പലരേയും പിൻതിരിപ്പിക്കുകയായിരുന്നു.

അവസാനം കർദ്ദിനാൾ അനുമതി നൽകി.

“നല്ലതു്. ചിലപ്പോൾ പള്ളിക്കും അപരിചിതമായ മാർഗ്ഗങ്ങളെ അവലംബിക്കേണ്ടിവരും. പക്ഷെ സൂക്ഷിക്കണം.”

മിടുക്കനായ തെണ്ടി

ചില ദിവസങ്ങൾക്കുശേഷം തെണ്ടികളുടെ ഇടയിൽ മിടുക്കനായ ഒരു തെണ്ടി പ്രത്യക്ഷപ്പെട്ടു. വിദേശീയരേയും പട്ടാളക്കാരേയും കൊള്ളയടിക്കാനുള്ള കൂട്ടുകെട്ടിൽ അയാളും കൂടി. മനുഷ്യഹൃദയങ്ങളെ ചലിപ്പിക്കത്തക്കവിധം ഭിക്ഷ യാചിക്കാനും തമാശ പറയാനും അയാൾ നല്ലവണ്ണം പഠിച്ചിരുന്നു.

ഒരു സായാഹ്നത്തിൽ അവരുടെ ബലിഷ്ഠനായ നേതാവു ബോറെല്ലിയോടു അന്നത്തെ സമ്പാദ്യത്തിൽ പകുതി ആവശ്യപ്പെട്ടു. ക്ഷുഭിതനായ ബോറെല്ലി അയാൾക്കു കണക്കിന്നു കൊടുത്തുവിട്ടു. അന്നു മുതൽ തെണ്ടികൾ അയാൾക്കൊരു പേരു നൽകി. ‘വെസൂവിയോ’.

ആ സംഭവം ആറു വർഷം മുമ്പാണുണ്ടായതു്.

അതിന്നുശേഷം ആറു മാസം ബോറല്ലി പകൽസമയം ഒരു മതപ്രൊഫസറായി ജോലി നോക്കി. രാത്രിയാവട്ടെ ഒരു വെസൂവിയോവും. അദ്ധ്യയനം കഴിഞ്ഞ ഉടനെ അദ്ദേഹം വേഷം മാറുന്നു. പോളീഷ് ചെയ്യാത്ത ഷൂസും കീറിപ്പറിഞ്ഞ കാലുറയും മുഷിഞ്ഞ കുപ്പായവും ആകൃതിയില്ലാത്ത രോമത്തൊപ്പിയുമാണു് വേഷവിധാനം. മുഖവും കൈകളും അവിശ്വസനീയമാം വിധം മാററിക്കളയുന്നു.

സാധാരണ ഈ തെമ്മാടികൾ ഉറങ്ങുന്നതു് തെരുവുകളിലാണു്. ശരൽക്കാലത്തു ശകലം ചൂടിന്നായി സിമന്റുതിണ്ണുകളിൽ കയറിക്കൂടും. പഴയ വർത്തമാനപ്പത്രങ്ങൾ ബ്ലാങ്കററായിട്ടു് ഉപയോഗിക്കുകയും ചെയ്യും. നമ്മുടെ വെസൂവിയോവും, അങ്ങിനെയൊക്കെ ചെയ്തു. സിമന്റുതിണ്ണുകളിലിരുന്നു പഴയ അപ്പക്കഷണങ്ങൾ തിന്നുകൊണ്ടിരിക്കുമ്പോൾ വെസൂവിയോ തന്റെ ചങ്ങാതികളുമായി സംഭാഷണത്തിലേർപ്പെട്ടു. അങ്ങിനെ ഒട്ടനവധി സംഭാഷണങ്ങൾ നടന്നുകഴിഞ്ഞപ്പോൾ ഈ തെമ്മാടികളുടെ ജീവിതപശ്ചാത്തലത്തേയും മനഃശാസ്ത്ര രീതികളെയും കൂലങ്കഷമായി പഠിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

ആപൽക്കരമായ ജീവിതം

ഇങ്ങനെയൊക്കെയാണെങ്കിലും വെസൂവിയോവിന്റെ ജീവിതം തികച്ചും അപകടകരമായിരുന്നു. രഹസ്യപോലീസുകാർ ഇത്തരക്കാരെ വലയിട്ടു പിടിക്കാനായി കണ്ണിൽ എണ്ണയൊഴിച്ചു നടക്കുകയാണു്. അവരുടെ വലയിൽ ഏതു നിമിഷവും വെസൂവിയോവിന്നു വീഴാം. മാത്രമല്ല പോലീസുകാർ അദ്ദേഹത്തെ തിരിച്ചറിഞ്ഞാൽ തെമ്മാടികളായ സഹപ്രവർത്തകന്മാർ തെററിദ്ധരിച്ചു ജീവൻതന്നെ അപകടത്തിലാക്കാനും വഴിയുണ്ടു്. അക്കാരണത്താൽ വളരെ ജാഗരൂകനായിട്ടാണു് വെസൂവിയോ പ്രവർത്തിച്ചതു്.

തന്റെ കൂട്ടുകാരായ ഇരുണ്ട ജീവികളുടെ പ്രാഥമികമായ ജീവിതാഭിലാഷം മനസ്സിലാക്കാൻ കഴിഞ്ഞതാണു് വെസൂവിയോവിന്റെ ഏററവും വലിയ നേട്ടം: സ്വന്തമായൊരു ഗൃഹം, സഹതാപനിർഭരമായ സ്നേഹം, എല്ലാററിനുമുപരി ജീവിതനിലനിൽപ്പിനുള്ള ഉറപ്പ്.

ഒരു ദിവസം വെസൂവിയോ കൊള്ളക്കാരുടെ സംഘത്തെ വിളിച്ചുകൂട്ടി. അവർക്കു താമസിക്കാനായി അദ്ദേഹം ഒരു സ്ഥലം കണ്ടുപിടിച്ചിരുന്നു. ബോമ്പു് വീണു് തകർന്നുപോയ ഒരു പള്ളി. പോലീസുകാർ ആ പള്ളിക്കകത്തു കടന്നു് ശല്യമുണ്ടാക്കുകയില്ലെന്നു് അദ്ദേഹം അവർക്കുവാക്കുകൊടുത്തു. അവർ അങ്ങനെ ആവാമെന്നു സമ്മതിക്കയും ചെയ്തു. ബോമ്പു വീണു തകർന്നതുമൂലം പ്രസ്തുത പള്ളി നിവാസയോഗ്യമായിരുന്നില്ല. കിട്ടിയ പലകക്കഷണങ്ങളും കല്ലുകളും ഉപയോഗിച്ചു് അവരെല്ലാം കൂടി നല്ലൊരു ‘റിപ്പേർ, നടത്തി.

ഒരു ദിവസം വെസൂവിയോ ഒരു വൈക്കോൽ പായും ബ്ലേങ്കററുമായി വന്നു. അവരെ സംബന്ധിച്ചിടത്തോളം അതൊരു ‘ആഡംബര’മായിരുന്നു. ആ സംഭവത്തെ തുടർന്നു ഓരോരുത്തരും ബ്ലേങ്കററും പായും കൊണ്ടുവന്നു. ഭക്ഷണം പാകം ചെയ്യാനുള്ള ഒരു അടുപ്പും കുറെ പച്ചക്കറിസാധനങ്ങളും വെസൂവിയോ കൊണ്ടുവന്നു. തുടർന്നു അവരെല്ലാം നല്ല ഭക്ഷണസാധനങ്ങൾ ആഹരിക്കാൻ ആരംഭിച്ചു.

സ്വന്തമായൊരു വീടുണ്ടെന്നു ബോധം വളർന്നപ്പോൾ അവരിൽ പലരും നേരത്തെ മടങ്ങിവരാൻ തുടങ്ങി. തട്ടിപ്പറിക്കലും മോഷണവുമെല്ലാം പതിവുപോലെ തുടർന്നുപോയെങ്കിലും അവയിലും കാര്യമായി ചില വ്യതിയാനങ്ങൾ വന്നിരുന്നു. ഇത്രത്തോളം മാററങ്ങൾ അവരിൽ വന്നുവെന്നു മനസ്സിലായപ്പോൾ തന്റെ ‘വിശ്വരൂപം’ അവർക്കു കാണിക്കാൻ കാലമായെന്നു ബോറെല്ലിക്കു തോന്നി.

പിറെറ ദിവസം അദ്ദേഹം പാതിരിവേഷത്തിൽ അവർ താമസിക്കുന്നിടത്തേക്കു ചെന്നു. അദ്ദേഹത്തെ കണ്ടപ്പോൾ അവരെല്ലാം കൂട്ടച്ചിരിയോടെ വിളിച്ചുകൂവി:

“ദാ, നോക്കൂ. നമ്മുടെ വെസൂവിയോ ഒരച്ചനായി വന്നിരിക്കുന്നു.”

തെമ്മാടികളിൽ ഒരാൾക്കു വെസൂവിയോവിന്റെ വേഷപ്പകർച്ച അത്ര പിടിച്ചില്ല. അവൻ പ്രതിഷേധിച്ചു.

“വെസൂവിയോ, എനിക്കു മതത്തിലൊന്നും വിശ്വാസമില്ല. എന്നാലും നിങ്ങൾ കാണിക്കുന്നതു പുണ്യദൃഷ്ണമാണു്”. അതുകേട്ട ബോറെല്ലിയച്ചൻ മന്ദഹസിച്ചുകൊണ്ടു സൌമ്യമായി പറഞ്ഞു:

“എന്റെ മകനെ, ഞാനൊരു പാതിരിതന്നെയാണു്. ഞാൻ മററു പാതിരികളുമായെടുത്ത ഈ പടംതന്നെ അതിന്നു തെളിവാണു്.”

തെമ്മാടിച്ചെറുക്കന്മാർ അശനിപാതമേററപോലെ അതുകേട്ടു അന്ധാളിച്ചുപോയി. കുറച്ചുകഴിഞ്ഞു് അവരിൽ ഏററവും കഠിനചിത്തനായ ഒരുവൻ മുന്നോട്ടുവന്നു ബോറല്ലിയച്ചന്റെ കൈക്കു പിടിച്ചുകൊണ്ടപേക്ഷിച്ചു.

“ഇനി മുതൽ അങ്ങയെ ഞങ്ങൾ ഡോൺവെസൂവിയോ എന്നു വിളിക്കും. അങ്ങു ഞങ്ങളുടെ കൂടെ താമസിക്കുകയില്ലേ?”

നല്ല വീടുണ്ടാവുന്നു

ബോറെല്ലിയച്ചന്റെ കണ്ണുകൾ നിറഞ്ഞൊഴുകി, അദ്ദേഹം വികലകണ്ഠനായി സമ്മതിച്ചു.

“ഉവ്വ്, ഞാൻ നിങ്ങളുടെകൂടെ താമസിക്കാം.”

അങ്ങിനെ തെരുവുതെണ്ടികൾക്കും തെമ്മാടികൾക്കും ഒരു വീടുണ്ടായി.

ബോറെല്ലിയും തന്റെ പുതിയ ചങ്ങാതികളും കൂടി ഒരു വാടകവണ്ടിയിൽ കയറി ഉപയോഗശൂന്യമായ മരസാമാനങ്ങൾ യാചിക്കാനായിറങ്ങി. നേപ്പിൾസിലെ ഉദാരമതികളായ പലരും അവർക്കു മരസ്സാമാനങ്ങൾ നൽകി. വേണ്ടത്ര വീട്ടുസാമാനങ്ങൾ ലഭിച്ചുകഴിഞ്ഞപ്പോൾ അതൊരു നല്ല വീടായി.

ഒരു വീടുണ്ടാക്കിക്കൊടുത്തതുകൊണ്ടു മാത്രം അവരെ അമ്പെ സമുദ്ധരിക്കാൻ സാദ്ധ്യമല്ലെന്നു ബോറെല്ലിക്കറിയാമായിരുന്നു. വിദ്യാഭ്യാസം, ഭക്ഷണം, കാരുണ്യം എന്നിവയിൽ കൂടി അവരെ ക്രമേണ വീണ്ടെടുക്കാനാണു് ബോറെല്ലി തീരുമാനിച്ചതു്.

ഒരു ദിവസം അദ്ദേഹം അവരെ വിളിച്ചു എന്തെങ്കിലും ജോലി ചെയ്യണമെന്നും വിദ്യാഭ്യാസം കഴിക്കണമെന്നും ഉപദേശിച്ചു. അവർക്കു് അതൊരത്ഭുതമായിരുന്നു. വളരെ നേരത്തെ ഉപദേശത്തിനു ശേഷം വിദ്യാഭ്യാസം ചെയ്യാമെന്നവർ സമ്മതിച്ചു.

പക്ഷെ ബോറെല്ലിയുടെ ബുദ്ധിമുട്ടു് അതുകൊണ്ടും അവസാനിച്ചില്ല. സമുദായദ്രോഹികളായ ഈ ഗുണ്ടകളെ സ്കൂളിൽ ചേർക്കുവാൻ അധികൃതന്മാർ വിസമ്മതിച്ചു. എന്നിട്ടും ബോറെല്ലി വിട്ടില്ല. അദ്ദേഹം ഒരുവിധം പത്തുപന്ത്രണ്ടു പേരെ പല പള്ളിക്കൂടങ്ങളിലുമായി ചേർത്തു.

കുളിയും മുഖക്ഷൗരവും

ക്രമേണ അവരിൽ പ്രകടമായ മാററങ്ങൾ വന്നു. കാലത്തു കുളിക്കുവാനും മുഖക്ഷൗരം നടത്താനും തുടങ്ങി.

ഒരു ദിവസം ബോറെല്ലി പ്രതീക്ഷിച്ചപോലെ ഒരു സംഭവമുണ്ടായി. പതിമൂന്നു വയസ്സു മാത്രമുള്ള പീട്രോ എന്ന ചെറുക്കനാണു് കാരണക്കാരൻ. അവൻ പോക്കററടിയിൽ അനിതരസാധാരണമായ വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചവനായിരുന്നു. അവൻ ബോറെല്ലിയച്ചന്റെ അടുത്തുവന്നു നിർഭയം പറഞ്ഞു:

“ഞാൻ തെരുവിലേക്കു മടങ്ങിപ്പോകും. പള്ളിക്കൂടത്തിൽ അവരെല്ലാം എന്നെ വെറുക്കുന്നു.”

മററു ചിലരും അവനെ പിന്തുടരാൻ തയ്യാറായി. അതു കേട്ടു് അക്ഷോഭ്യനായി അച്ചൻ അവരോടു പറഞ്ഞു:

“ശരി, നിങ്ങൾ തെരുവിലേക്കു പോകുക. നമ്മൾക്കു് ഈ വീടുപൂട്ടിയിടാം. ഇനി നിങ്ങൾക്കു നിങ്ങളുടെ ഡോൺവെസൂവിയോ ഇല്ല. നമ്മൾ തമ്മിലുള്ള സൗഹാർദ്ദവും ഇതോടെ അവസാനിച്ചു.”

അതും പറഞ്ഞു് അദ്ദേഹം പോകാനൊരുങ്ങി. പക്ഷെ തെമ്മാടിച്ചെറുക്കന്മാരുടെ മനസ്സു പെട്ടെന്നു മാറി. അവർ അദ്ദേഹം പറയുന്നതനുസരിക്കാൻ സന്നദ്ധരായി.

ചില മാസങ്ങൾക്കുശേഷം കുഴപ്പക്കാരനായ പീട്രോ വന്നു ബോറെല്ലിയോടു പറഞ്ഞു.

“അച്ചോ, എനിക്കു നല്ല മാർക്കു കിട്ടി. എന്റെ മാഷ് പറയുന്നതു്, ഞാൻ ബുദ്ധിയുള്ള ചെറുക്കനാണെന്നാണു്. അവർക്കിപ്പോൾ എന്നെ സ്നേഹമാണു്”.

തെണ്ടികളും പോക്കററടിക്കാരും ചെറിയ ഗുണ്ടകളുമായ ഇവരിൽ ഭൂരിഭാഗവും ബുദ്ധിമാന്മാരാണെന്നാണു് ബോറെല്ലിയച്ചന്റെ അഭിപ്രായം. അവരുടെ ബുദ്ധിശക്തി ശരിയായ മാർഗ്ഗത്തിൽകൂടി തിരിച്ചുവിട്ടാൽ സമുദായത്തിനവർ വലിയ നേട്ടമാണു്.

വിദ്യാഭ്യാസപ്രശ്നം ഏറെക്കുറെ പരിഹരിക്കപ്പെട്ടപ്പോൾ അവർക്കു

നിറഞ്ഞു കവിയുന്നപാനപാത്രം

റവ. ജോൺ ഡീൻ

II

ക്രിസ്തുവിൻെറ മരണത്തെക്കുറിച്ചു് ചിന്തിച്ചാൽ മനുഷ്യജാതി മുഴുവനായി വരിവരിയായി നിൽക്കുകയും ക്രിസ്തു ഓരോരുത്തരേയും സമീപിച്ചു് അവരവരുടെ കാസാവാങ്ങി പാനം ചെയ്യുകയും അങ്ങനെ എല്ലാവനുംവേണ്ടി മരണം ആസ്വദിക്കുകയും ആവിധം ഓരോരുത്തനും അവനവനായി സമ്പാദിച്ച മരണം താൻ ഏറെറടുക്കുകയും ചെയ്തതുപോലെ തോന്നും എന്നു് ആരോ അഭിപ്രായപ്പെട്ടിട്ടുണ്ടു്. എപ്രകാരമുള്ള രക്ഷകനാണു അവൻ? നമുക്കുവേണ്ടി അവൻ പാപമാകയാൽ അവൻ വഹിച്ച ശാപം എപ്രകാരമുള്ളതു്? അവൻ നമുക്കു് വച്ചു നീട്ടിയിരിക്കുന്ന രക്ഷയുടെ കാസാ എപ്രകാരമുള്ളതു്? നിങ്ങൾ അതു് സ്വീകരിച്ചോ? അതു് നിറഞ്ഞുകവിയുന്ന പാനപാത്രമാകയാൽ അതു് സ്വീകരിച്ചാലും.

നിങ്ങൾ നല്ല ആരോഗ്യം ഉള്ളവനോ? അതു് എത്ര വലിയ മഹത്തരമായ അനുഗ്രഹമാണു്. ശൈശവകാലം മുതൽ ഓടിനടക്കുവാൻ സ്വാധീനമില്ലാതെ ജീവിക്കുന്നവരെ പററി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ പാനപാത്രം തീർച്ചയായും നിറഞ്ഞുകവിയുന്നു. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന അനുഗ്രഹത്തെ പററി ചിന്തിക്കുകയും അതിനായി നന്ദിയുള്ളവനായിരിക്കുകയും ചെയ്യുക.

നിങ്ങൾക്കു് സന്തോഷപ്രദായകമായ ഒരു ഭവനമുണ്ടോ? അതെത്രെ ആനന്ദസംദായകമായ ഒരനുഗ്രഹമാണു്. സുഖസൗകര്യാദികൾ തികച്ചുള്ള ഒരു ഭവനവും ആവശ്യമായ ഭക്ഷണവസ്ത്രാദികളും ജീവിതസൗഭാഗ്യത്തിനു് നാം ഉദ്ദേശിക്കുന്നതിനേക്കാൾ എത്ര അധികമായ നിദാനമാകുന്നു. പരിശുദ്ധവും മനോഹരവുമായ സ്നേഹത്തിൻെറ ഇരിപ്പിടം കൂടെയാണു് നിങ്ങളുടെ ഭവനമെങ്കിൽ അതെത്ര വിശിഷ്ടമായിരിക്കുമെന്നു് വിവരിക്കാനുമില്ല.

നിങ്ങൾക്കു് നല്ല ഒരു സുഹൃൽവൃന്ദമുണ്ടോ? ദാവീദും യോനാഥാനും തമ്മിലുള്ള ബന്ധം സ്മരിക്കുക. നിങ്ങൾക്കു് ഒരു യോനാഥാനുണ്ടോ? നിങ്ങളുടെ ആത്മാവിനോടു പൊരുത്തപ്പെട്ട മറെറാരു ആത്മാവുണ്ടെങ്കിൽ നിങ്ങളുടെ ജീവിതം എത്ര ധന്യമാണു്! നിങ്ങളുടെ പാനപാത്രം നിറഞ്ഞുകവിയുകതന്നെ ചെയ്യുന്നു. ജീവിതത്തിലെ ധനം നിർണ്ണയിക്കപ്പെടുന്നതു് സുഹൃത്തേ ജീവിതത്തിൻെറ സ്വർണ്ണ പുറംചട്ടയെ ആശ്രയിച്ചല്ല എന്നാലോ ജീവനും ഉൾക്കൊള്ളുന്ന യഥാർത്ഥ സ്വർണ്ണക്കട്ടകളാകുന്ന അമൂല്യ സാധനങ്ങളെ ആശ്രയിച്ചാണു്. സർവ്വ ധാരണകളേയും കവച്ചുവയ്ക്കുന്ന ഹൃദയസമാധാനം, പാപക്ഷമാബോധം, ജീവിതത്തെ ധന്യമാക്കുന്നസ്നേഹം ഇവയൊക്കെയാണു് അനുഗ്രഹീത പാനപാത്രത്തെ ധന്യമാക്കുന്ന വസ്തുക്കൾ. നിങ്ങളുടെ കാസാ ഉൾക്കൊള്ളുന്നതെന്തെന്നു് പരിശോധിച്ചു് അവയെന്താണെന്നു് മനസ്സിലാക്കിയാലും.

"എൻെറ പാനപാത്രം നിറഞ്ഞു കവിയുന്നു" ദാവീദു് പാടുകയാണു്. നമ്മുടെ ദൈവവും പിതാവുമായവനിൽനിന്നു് അതേ പ്രതീക്ഷിക്കുവാൻ നിവൃത്തിയുള്ളു. അവൻ എന്തെങ്കിലും ചെയ്യുന്നപക്ഷം അതു് ഭംഗിയായി ചെയ്യുന്നു. നാം നമ്മുടെ ഭവനത്തിലേയ്ക്കു തിരിച്ചുവരുമ്പോൾ തടിച്ച കാളക്കുട്ടിയെ അറുക്കുകയും നല്ല വസ്ത്രങ്ങൾ കൊണ്ടുവരികയും ചെയ്യുന്നു. നമ്മുടെ കർത്താവായ യേശുവിൽ നമുക്കു ലഭ്യമായ 7

ജോലി നേടിക്കൊടുക്കേണ്ടപ്രശ്നം ഖന്നു. ചിലരെ സമീപിച്ചപ്പോൾ അവർ അച്ചനോടു പറഞ്ഞു:

"സംഭാവന വേണമെങ്കിൽതരാം. പക്ഷെ ഈ ഭയങ്കരന്മാർക്കു ജോലി കൊടുത്താൽ, അയ്യോ! വയ്യാ."

അച്ചൻ വിട്ടില്ല. ഒടുവിൽ ഒരു പീടികക്കാരൻ ഒരുത്തനു ജോലി കൊടുക്കാമെന്നു സമ്മതിച്ചു. മേരിയോഎന്നവനുസന്ദേശവാഹകൻെറ ജോലി കിട്ടി.

ഒരു ദിവസം മേരിയോ ബോറെല്ലിയോടു ചോദിച്ചു:

"അച്ചാ, ഞാൻ കടയിൽനിന്നു എന്തെങ്കിലും മോഷ്ടിക്കട്ടെ. ഒരാളും അറിയുകയില്ല."

അച്ചൻ അവൻെറ തോളിൽ പിടിച്ചു കണ്ണുകളിലേക്കു തറച്ചു നോക്കിക്കൊണ്ടു് ഉപദേശിച്ചു:

"മേരിയോ, നീ ഒരു മൊട്ടുസൂചി മോഷ്ടിച്ചിട്ടുണ്ടെങ്കിൽ ഞാനാവിവരം അറിയും. അതോടുകൂടി ഈ വീടു ഞാൻ പൊളിക്കും. അതോടുകൂടി നിങ്ങൾക്കാക്കും ജോലിയില്ലാതാവും. ഇതു സംഭവിക്കണോ?"

"വേണ്ടച്ചാ,ഞാൻ കക്കുകയില്ല."

അവൻ അവൻെറ വാക്കു് അക്ഷരംപ്രതി പാലിച്ചു. ക്രമേണ അയാൾക്കു് ഉദ്യോഗക്കയററവും കിട്ടി.

ബോറെല്ലി ഒരു അസിസ്റ്റൻറിനെ കൂടി നിയമിച്ചു. അദ്ദേഹവും ഒരു പാതിരിയായിരുന്നു. അവർ രണ്ടുപേരുംകൂടി മുന്നൂറു തെരുവുതെണ്ടികളെയും പോക്കററടിക്കാരെയും ക്ഷണിച്ചു.

രണ്ടാംലോകവർഷംമൂലം പൊളിഞ്ഞു പോയ പള്ളി ഒരു സ്ഥാപനമായുയർന്നു. ഒരേസമയം എൺപതു തെണ്ടികളെ അതിനുള്ളിൽ താമസിപ്പിച്ചുവന്നു. പതിന്നാലു വയസ്സു വരെയുള്ളവർ സ്കൂളുകളിൽപോകണം. പഠനം പൂർത്തിയായാൽ അവർക്കു ബോറെല്ലി ഉദ്യോഗം വാങ്ങിക്കൊടുക്കും.

കുറേക്കാലം കഴിഞ്ഞപ്പോഴേക്കും നേപ്പിൾസിൽ ഏററവുമധികം ഡിമാൻഡുള്ളവർ ബോറെല്ലിയുടെ തെണ്ടിപ്പരിഷകളായി.

"മററുള്ളവരെക്കാൾ അവർ വിശ്വസ്തരാണു്."

പലരും അഭിപ്രായപ്പെട്ടു.

അചഞ്ചലമായ ഒരൊററ നിയമം മാത്രമെ ബോറെല്ലി അവരുടെ മേൽ ചുമത്തിയുള്ളു. രാത്രി ഒമ്പതു മണിക്കു മുമ്പു് എല്ലാവരും വീടണയണം. അങ്ങനെ ചെയ്തില്ലെങ്കിൽ ഒരു പ്രാവശ്യം താക്കീതു നൽകും. രണ്ടാം പ്രാവശ്യം പുറത്താക്കും. പക്ഷെ ആരെയും പുറത്താക്കേണ്ട പരിതസ്ഥിതി വന്നില്ല. സുഖസമൃദ്ധമായ ഭക്ഷണം, വൃത്തിയുള്ള വസ്ത്രങ്ങൾ, സന്തുഷ്ടമായ ജീവിതം ഇവയെല്ലാമുള്ളപ്പോൾ തെരുവുകളിൽ തെണ്ടിയലഞ്ഞു പിടിച്ചുപറിക്കാനുംവക്കാണംകൂട്ടാനും അവർ മുതിരുന്നതിൻെറ ആവശ്യമുണ്ടായില്ല.

ബോറെല്ലിയച്ചൻെറ ധീരവും സാഹസികവുമായ ഈ ഉദ്യമത്തിൻെറ ഫലമായി ഇന്നു നേപ്പിൾസിലെ തെരുവുകളിൽകൂടി നിർഭയം സഞ്ചരിക്കാമെന്നായിട്ടുണ്ടു്.

(മാതൃഭൂമി)

Thought for the Week.

Some glances of real beauty may be seen in their faces, who dwell in true meekness. There is a harmony in the sound of that voice to which divine love gives utterance, and some appearance of right order in their temper and conduct whose passions are regulated.

John Woolman

പ്രതിവാരപ്രഭാഷണം (TheSermon for the week).

ആന്തരീയ സംതൃപ്തിയുടെ ഉറവ

(എം. തൊമ്മൻ ബി. ഏ.)

"ഉള്ളംകൊണ്ടു ഞാൻ ദൈവത്തിൻെറ ന്യായപ്രമാണത്തിൽ വിശ്വസിക്കുന്നു." (റോമർ 7: 23)

ഒരു മനുഷ്യനെ രസിപ്പിക്കുന്ന കാര്യങ്ങൾ ഏതെല്ലാമാണെന്നറിഞ്ഞാൽ അയാളുടെ സ്വഭാവം എങ്ങിനെയുള്ളതാണെന്നു് ഏറെക്കുറെ മനസ്സിലാക്കുവാൻ കഴിയും. നമുക്കു് ഏററവും കൂടുതൽ സന്തോഷവും സംതൃപ്തിയും തരുന്ന കാര്യമെന്താണു്? എന്നുള്ള ചോദ്യം നമ്മുടെയോ നമ്മുടെ സ്നേഹിതന്മാരുടെയോ ജീവിതത്തെ പരിശോധിച്ചറിയുവാൻ സഹായിക്കുന്ന ഒരളവുകോൽ ആണു്. നമുക്കു് ഇഷ്ടമില്ലെങ്കിലും ചെയ്യാതെ നിവൃത്തിയില്ലാത്ത ചില കാര്യങ്ങൾ ചെയ്യുവാൻ നമ്മുടെ ചുററുപാടുകൾ നമ്മെ നിർബന്ധിക്കുന്നു. നമുക്കു രസം തോന്നിയാലും ഇല്ലെങ്കിലും നമ്മുടെ കടമകളുടെയും ചുമതലകളുടെയും നിർവ്വഹണത്തിൽ ആയുസ്സിൻെറ ഭൂരിഭാഗവും ഓരോ ദിവസത്തിൻെറയും അധികപങ്കും വിനിയോഗിക്കാതെ നമുക്കു ഗത്യന്തരമില്ല. അല്പസമയത്തേയ്ക്കു് അവയിൽനിന്നു സ്വതന്ത്രരായിത്തീരുന്നപക്ഷം നമ്മുടെ ശ്രദ്ധ ഏതു കാര്യത്തിലേയ്ക്കാണു് തിരിയുന്നതു് എന്നു ചിന്തിച്ചു നോക്കുക. ഒരാൾ വിഷയസുഖങ്ങളിലേയ്ക്കു്, മറെറാരാൾ ചില സാമൂഹ്യവിനോദങ്ങളിലേയ്ക്കു്, അപരൻ പുസ്തകപാരായണത്തിലേയ്ക്കു്, സുന്ദര കലകളിലേയ്ക്കു്, വേറൊരാൾ സേവനരംഗങ്ങളിലേയ്ക്കു് ഇങ്ങനെ പലരും പല വഴിക്കു തിരിയുന്നതായി കാണാം. സ്വാതന്ത്ര്യം ലഭിക്കുന്ന നിമിഷത്തിൽതന്നെ ഓരോരുത്തർ അവരവർക്കു പ്രിയംകരമായ വ്യാപാരത്തിൽ ഏർപ്പെടും. ചിലർ യാതൊന്നും ചെയ്യാതെ അലസതയിൽ ലയിക്കും. അവർക്കു രസം ഉളവാകുന്നതു് വെറും അലസതയായിരിക്കാം. ഒരു കാഴ്ചബംഗ്ലാവിലെ ഇരുമ്പഴികൾക്കുള്ളിൽ അടച്ചിരിക്കുന്ന പക്ഷിമൃഗാദികളെ ആരെങ്കിലും തുറന്നുവിട്ടാൽ സിംഹം അലറിക്കൊണ്ടു് വനാന്തരങ്ങളിലേയ്ക്കു് പാഞ്ഞുപോകാൻ ശ്രമിക്കും; കഴുകൻ ആകാശത്തിലേക്കു് ഉയർന്നു പറക്കും; പാമ്പു് അടുത്തുള്ള കുററിക്കാട്ടിലോ പൊത്തിലോ കയറി ഒളിക്കും. അപ്രകാരം തന്നേ സ്വതന്ത്രരായ മനുഷ്യർ ആത്തിയോടുകൂടി ആശ്ലേഷിക്കുന്ന കാര്യങ്ങൾ അവരുടെ സ്വാഭാവികതാല്പര്യങ്ങളെ വെളിപ്പെടുത്തുന്നു.

പൗലൂസ് അപ്പോസ്തോലനു രസകരമായിരുന്നതായി പറയുന്ന കാര്യം സാധാരണക്കാരായ അധികംപേർ പ്രത്യേകമായി എടുത്തു പറയുവാൻ ഇടയില്ലാത്ത ഒന്നാണു്—ദൈവത്തിൻെറ ന്യായപ്രമാണം. എന്തുകൊണ്ടാണു് അപ്പോസ്തോലൻ അങ്ങിനെ പറഞ്ഞതെന്നും, ആ കാര്യത്തിൽ എല്ലാവർക്കും തന്നെ അപ്പോസ്തോലനുണ്ടായിരുന്ന അഭിരുചി ഉണ്ടായിരിക്കേണ്ടതല്ലേ എന്നും നാം ചിന്തിക്കുന്നതു് പ്രയോജനകരമായിരിക്കും. ദൈവത്തിൻെറ ന്യായപ്രമാണം എന്നാൽ എന്താണു്? ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തേയും അതിലുള്ള സകലത്തേയും ഭരിക്കുന്ന ചില പ്രമാണങ്ങൾ ഉണ്ടു്. അതിലും വിശേഷവിധിയായി മനുഷ്യൻെറ ജീവിതത്തെ നിയന്ത്രിക്കുന്ന അല്ലെങ്കിൽ നിയന്ത്രിക്കേണ്ടതായ ചില പ്രമാണങ്ങൾ ഉണ്ടു്. മനുഷ്യൻെറ മനസ്സാക്ഷിയും തെററും ശരിയും തമ്മിൽ വിവേചിക്കുവാനുള്ള മനുഷ്യൻെറ കഴിവും ഈ പ്രമാണങ്ങളുടെ സാന്നിദ്ധ്യത്തിനു സാക്ഷ്യം വഹിക്കുന്നു. ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ചു് "ഇതു ശരിയാണു്" എന്നു മനുഷ്യൻ പറയുമ്പോൾ ഒരു പുതിയ സംതൃപ്തിയുടെ അനുഭവം അവനു

രിക്കുന്ന അനുഗ്രഹങ്ങളെ വിവരിക്കുവാൻ പദങ്ങളില്ലാതെ അപ്പോസ്തലനായ പൗലൂസ് ക്ലേശിക്കുന്നതുപോലെ തോന്നിപ്പോകും അദ്ദേഹത്തിൻെറ ലേഖനങ്ങൾ വായിച്ചാൽ. നിർവ്വചനാതീതമായ സമാധാനം ഗ്രഹണാതീതമായ സ്നേഹം, നമ്മുടെ രക്ഷയ്ക്കായി വിനിയോഗിക്കപ്പെടുന്ന അസാധാരണമായ ശക്തി എന്നിവയെപ്പററി അദ്ദേഹം എഴുതുന്നുണ്ടു്. വിവരിച്ചറിയിക്കുവാൻ പാടില്ലാത്ത സന്തോഷത്തെക്കുറിച്ചു് പത്രോസ് എഴുതുന്നു. "പറഞ്ഞുതീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം" എന്നു് പൗലൂസും. ഒരു ശാസ്ത്രജ്ഞൻ ഈച്ചയുടെ ചിറകുപോലും തൂക്കിനോക്കുന്നതിനുതകുന്ന തുലാസിൽ വളരെ സൂക്ഷ്മമായിട്ടായിരിക്കും സാധനങ്ങൾ തൂക്കിനോക്കുന്നതു്; എന്നാൽ ദൈവം അവിടുത്തെ നന്മ വിവരിക്കുവാൻ പാടില്ലാത്ത വിധത്തിൽ അത്ര സമൃദ്ധമായിട്ടായിരിക്കും നൽകുന്നതു്. സങ്കീർത്തനക്കാരൻ ദൈവത്തിൻെറ എണ്ണമില്ലാത്ത വിധത്തിലുള്ള കരുണകളെക്കുറിച്ചും അന്തമില്ലാത്ത സ്നേഹത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ടു്.

നമ്മുടെ സന്തോഷം പൂർത്തിയാകുവാനും നമുക്കു് ജീവൻ സമൃദ്ധിയായി ഉണ്ടാകുവാനുമായി അവിടുന്നുവന്നു എന്നു്യേശു അവകാശപ്പെടുന്നു.

സന്തുഷ്ടനായിരിപ്പാൻ ഭയപ്പെടരുതു്. ദൈവം ക്രൂരനായ ദൈവമല്ല. അവിടുന്നു നൽകുന്ന കാസാ നിങ്ങൾ കൈക്കൊള്ളണമെന്നും ആ കാസായിലുള്ളതു് അനുഗ്രഹിക്കപ്പെട്ടതായി നിങ്ങൾ കാണണമെന്നുമാണു് അവിടുത്തെ ആഗ്രഹം. അതു് രുചിക്കുവാനോ, പാനം ചെയ്യുവാനോ, അവയെല്ലാം നിങ്ങളുടെ നന്മയ്ക്കായി ദൈവം ആക്കിതീർത്തുകൊള്ളുമെന്നു് വിശ്വസിക്കുവാനോ നിങ്ങൾ ഭയപ്പെടരുതു്. പക്ഷെ അതു് ആദ്യം കൈപ്പായി തോന്നിയാലും അതു് പിതാവിൻെറ കരങ്ങളിൽ നിന്നാണെന്നും അന്ത്യത്തിൽ അതു് മധുരതരമായി അനുഭവപ്പെടുമെന്നും സ്മരിച്ചാലും. അവിടുത്തെ അനുഗ്രഹങ്ങൾ നാം സ്വീകരിച്ചു് സൂക്ഷിക്കുന്നതനുസരിച്ചു് അവ വർദ്ധിക്കുകയേയുള്ളു. നല്ല വീഞ്ഞു് അവസാനത്തോളം സൂക്ഷിക്കുന്നു. "നേരോടെ നടക്കുന്നവർക്കു അവൻ ഒരു നന്മയും മുടക്കുകയില്ല."

ണ്ടാകുന്നു. നീതിബോധം, അല്ലെങ്കിൽ നന്മയുടെ പ്രമാണം മനുഷ്യനെ സന്തോഷത്തിന്റെയും സംതൃപ്തിയുടെയും ലോകത്തിലേയ്ക്കു് ഉയർത്തുന്നു. ഈ സംതൃപ്തി എന്താണെന്നു് അറിയാത്ത മനുഷ്യന്റെ സ്ഥിതി പരിതാപകരമാണെന്നു പറയാതെ നിവൃത്തിയില്ല. അങ്ങിനെയുള്ളവർ ആരുംതന്നെ ഉണ്ടായിരിക്കാനിടയില്ല. എന്നാൽ മനസ്സാക്ഷിയെ അവഗണിച്ചു് ജീവിക്കുന്നതിന്റെ ഫലമായി മനുഷ്യന്റെ നീതിന്യായബോധം ക്രമേണ അസ്തമിച്ചുപോയെന്നും വരാം. അപ്രകാരംതന്നെ മനസ്സാക്ഷിയെ അനുസരിച്ചു ജീവിക്കുന്നവക്കു് നീതിയുടെ പ്രമാണത്തിലുള്ള സന്തോഷം വർദ്ധിച്ചുവരികയും ചെയ്യും.

